രാമായണം മാസത്തെ ആദരിച്ച്കൊണ്ട് ഇ-മലയാളി
ഒരു കോളം സമർപ്പിക്കുന്നു. എഴുത്തുകാർക്ക്
രാമായണത്തെപ്പറ്റിയുള്ള ലേഖനങ്ങൾ,
രാമായണത്തിലെ കഥകൾ, ഭക്തിപൂർവ്വമായ
അനുഭവങ്ങൾ എന്നിവ പങ്ക് വക്കാം. രാമായണ
വായനയും സമ്മേളനങ്ങളുമൊക്കെ
ചിത്രത്തിലാക്കിയിട്ടുണ്ടെങ്കിൽ അതും
പ്രസിദ്ധീകരണത്തിനായി അയച്ച് തരുക.




**രാമായണ മാസം (മലയാള മാസം കർക്കിടകം)**
**ജൂലൈ 17 – ആഗ്സ്റ്റ് 16**

(തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ)



കർക്കിടകം പിറന്നു. ഇനി ഈ മാസം മുഴുവൻ കേരളത്തിലെ ഹിന്ദു കുടുംബങ്ങളിൽ രാമായണ പാരായണം ആരംഭിക്കുകയായി. കർക്കിടകത്തെ പഞ്ഞമാസം എന്നും പറയുന്നുണ്ട്. നെൽപ്പാടങ്ങളെല്ലാം വെള്ളത്തിൽ മുങ്ങി എവിടേയും ഭക്ഷണ ക്ഷാമവും പട്ടിണിയുമുണ്ടാകാറുള്ളത് കൊണ്ടാണു ഈ മാസത്തെ പഞ്ഞ മാസം എന്നു പറയുന്നത്. നിലക്കാത്ത മഴയും അന്ധകാരവും മനുഷ്യരെ ഭയപ്പെടുത്തുന്നത്കൊണ്ടാണത്രെ ശ്രീ രാമചന്ദ്രൻെറ അപദാനങ്ങൾ പാടി മുക്തിയുടേയും രക്ഷയുടേയും മാർഗ്ഗങ്ങളിൽ വിശ്വാസികൾ മുഴുകുന്നത്..

മലയാളഭാഷയുടെ പിതാവെന്ന് കണക്കാക്കി വരുന്ന തുഞ്ചത്ത് എഴുത്ത്ച്ഛൻ എഴുതിയ അദ്ധ്യാത്മരാമായണമാണു ഈ മാസത്തിൽ എല്ലാവരും വായിക്കുന്നത്. ഇപ്പോൾ അമ്പലങ്ങളിലും രാമായണപാരായണം സാധാരണയാണു്. ഈ മാസത്തിലാണു കർക്കിടക കഞ്ഞി എന്ന ഭക്ഷണം എല്ലാവർക്കും പ്രിയമാകുന്നത്. ആയുർവ്വേദ ഔഷധശാലകൾ മരുന്ന് കഞ്ഞികൾ ഉണ്ടാക്കാറുണ്ട്. അത് ജീരക കഞ്ഞി, ഉലുവ കഞ്ഞി, ദശപുഷ്പ കഞ്ഞി എന്നെല്ലം അറിയപ്പെടുന്നു.'

ഭാരതീയിതിഹാസങ്ങളിൽ ഒന്നാണു് രാമായണം. രാമൻെറ യാത്ര് എന്നു അർത്ഥം വരുന്ന ഈ കാവ്യം 24,000 ശ്ലോകങ്ങളിലായി അനുഷ്ടുപ്പ് വൃത്തത്തിലാണെഴുതിയിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ത്രേത യുഗത്തിലാണു സംഭവിക്കുന്നത്. എന്നാൽ എല്ലാ കാലത്തും മാർഗ്ഗദർശനങ്ങൾ നൽകുന്ന പാഠങ്ങൾ ഇതുൾക്കൊള്ളുന്നു. ഒരോ ബന്ധനങ്ങളുടേയും കർത്തവ്യപരിപാലനം എങ്ങനെ വേണമെന്ന് രാമായണം വ്യക്തമാക്കുന്നു.ഇതിൽ മാത്രുക പിതാവിനെ, മാത്രുക പുത്രനെ, മാത്രുക പതിയെ, മാത്രുക സേവകനെ, മാത്രുക രാജാവിനെ പറ്റിയെല്ലാം വിവരിച്ചിരിക്കുന്നു. ബാല കാണ്ഡം, അയോദ്ധ്യകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാ കാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം ഇങ്ങനെ ഏഴു കാണ്ഡങ്ങളായി ഇതിനെ തിരിച്ചിരിക്കുന്നു.

രാമായണം ഭക്തിനിർഭരതയോടെ വായിക്കുന്ന എല്ലാവർക്കും വേണ്ടി ചില കഥകൾ സമാഹരിക്കുന്നു.

കുംഭകർണ്ണൻ വളരെ ഭക്തിയും, ബുദ്ധിയും, ധൈര്യവുമുള്ള ഒരാളായിരുന്നു.തന്മൂലം ഇന്ദ്രൻെറ അപ്രീതിക്ക് പാത്രമായി. വരപ്രസാദത്തിനായി കുംഭകർണ്ണൻ ബ്രഹ്മാവിനെ തപസ്സ് ചെയ്ത് പ്രത്യക്ഷപ്പെടുത്തി. വരം ചോദിക്കുന്ന സമയം ഇന്ദ്രൻെറ നിർദ്ദേശപ്രകാരം സരസ്വതി കുംഭകർണ്ണൻെറ നാവിൽ കയറിയിരുന്നു. ഇന്ദ്രൻെറ ഇരിപ്പിടം വേണമെന്ന അർത്ഥത്തിൽ "ഇന്ദ്രാസനം" വേണമെന്ന് പറഞ്ഞത് "നിദ്രാസനം" ( ഉറങ്ങാനുള്ള കിടക്ക) എന്നായി. നിർദ്ദേവത്വം ( ദേവന്മാരുടെ ഉന്മൂലനം) എന്ന് പറഞ്ഞത് നിദ്രാവത്വം(ഉറക്കം) എന്നായി. പാവം ആറ് മാസം ഉറങ്ങിയും ആറ് മാസം തിന്നും കുടിച്ചും കഴിഞ്ഞു.

എന്തുകൊണ്ടാണു് ഹനുമാൻെറ മൂർത്തികൾ ചുവന്ന ചായം പൂശുന്നത്. ഒരിക്കൽ ഹനുമൻ സീതദെവിയോറ്റ് ചോദിച്ചു. എന്തിനാണു് ചുവന്ന പൊട്ടു തൊടുന്നത്. എന്തിനാണു് മുടി പകുത്ത് അതിൽ സിന്ധൂരം നിറക്കുനത്. സീതദേവി പറഞ്ഞു. അത് ശ്രീ രാമൻെറ നന്മക്ക് വേണ്ടിയാണു. അത് കേട്ടു ഹനുജ്മാൻ തൻെറ ശരീരം മുഴ്വൻ സിന്ദൂരം വാരി പൂശി. സീതദേവിനെറ്റിയിൽ പൊട്ടും നെറുകയിൽ സിന്ദൂരവും ചാർത്തുമ്പോൾ താൻ ദേഹം മൂവൻ ചുവന്ന നിറം കൊണ്ട് മൂടേണ്ടിയിരിക്കുന്നു എന്ന് ഹനുമാൻ തീരുമാനിച്ചു.

മരണ കിടക്കയിൽ വച്ച് രാവണൻ രാമനോട് പറഞ്ഞു: വളരെ വൈകിയെങ്കിലും അങ്ങയിൽ നിന്നും ഞാൻ ഒരു പാഠം പഠിച്ചു. നമ്മുടെ മനസ്സിൽ നിറയുന്ന നല്ല ചിന്തകളും, പദ്ധതികളും അനുസരിച്ച് പ്രവർത്തിക്കുക. ഒരു നിമിഷം പോലും പാഴാക്കി കളയുരുത്. തിന്മനിറഞ്ഞ ചിന്തകൾ നാളേക്ക് മാറ്റി വക്കുക. നല്ലതും ചീത്തയുമായ ചിന്തകൾ പ്രതിദിനം നമ്മിൽ നിറയുന്നു. അതു കൊണ്ട് മനസ്സിൻെറ നേത്രുത്വവും നിർവ്വഹണവും ബുദ്ധിയുപയോഗിച്ച് നമ്മൾ നിയന്ത്രിക്കണം. മനസ്സിനെ ഫലവത്തായ രീതിയിൽ ഉപയോഗിക്കാൻ നമ്മൾ അറിഞ്ഞിരിക്കണം.

മണ്ഡോദരി വാത്മികി രാമായണത്തിലെ ഏറ്റവും സുന്ദരിയായ സ്ത്രീയായി അറിയപ്പെടുന്നു.

സീതാന്വേഷനത്തിനു പോയ ഹനുമാൻ  രാവണന്റെ ശയ്യാഗ്രുഹത്തിൽ മണ്ഡോദരി ഉറങ്ങികിടക്കുന്നത് കണ്ട് സീതയാണെന്ന് സംശയിച്ച്പോലും.

അമ്മ കൈകേശിയെപോലേയും, അമ്മൂമ്മ താടകയെപോലേയും സുന്ദരിയായിരുന്നത്രെ ശൂർപ്പണഖ. ശൂർപ്പണഖയുടെ ഭർത്താവും രാവണനും തമ്മിൽ അധികാരത്തിൻറ് പേരിൽ ഉണ്ടായ വഴക്കിൽ രാവണൻ ശൂർപ്പണഖയുടെ ഭർത്താവിനെ കൊന്നു. അത് അവളെ ഖിന്നയും കോപിഷ്ടയുമാക്കി. രാമ-ലക്ഷ്മണന്മാരുടെ ആകാരഭംഗി കണ്ട് കാമരൂപിണിയായി അവൾ അവരെ സമീപിച്ചതും ലക്ഷ്മണൻ അവളുടെ മൂക്കും മുലയും അരിഞ്ഞതും രാവണനെ കൊല്ലിക്കാൻ വേണ്ടി അവൾ കരുതികൂട്ടി ആസൂത്രണം ചെയ്ത ഒരു പദ്ധതിയുടെ ഫലമത്രെ.

ഭാഗവത പുരാണമനുസരിച്ച് രാവണനും കുംഭകർണ്ണനും വൈകുണ്ഠത്തിലെ ദ്വാരപാലകന്മാരായ ജയ വിജയന്മാരുടെ  അവതാരമത്രെ. സനൽകുമാരനെ വൈകുണ്ഠത്തിലേക്ക് കടത്തിവിടാൻ വിസമ്മതിച്ചതിനു ജയവിജയന്മാരെ അദ്ദേഹം ഭൂമിയിൽ പോയി ജനിക്കാൻ ശപിച്ചു.അവർക്ക് തിരഞ്ഞെടുക്കാൻ രണ്ട് വ്യവസ്ഥകൾ അദ്ദേഹം വച്ചു.. ഒന്ന് ഏഴു ജന്മങ്ങൾ സാധാരണ മനുഷ്യരെ പോലെ വിഷ്ണു ഭക്ത്മാരായി ജനിക്കുക. അല്ലെങ്കിൽ വിഷ്ണുവിനെ എതിർക്കുന്ന മൂന്നു ജന്മങ്ങൾ. വൈകുണ്ഠത്തിൽ എളുപ്പം എത്തിചേരാൻ അവർ മൂന്നു അസുരജന്മം സ്വീകരിച്ചു.  ഒന്നും മൂന്നും ജന്മങ്ങൾ ഹിരണ്യകശ്പുയായും, ദണ്ഡവർക  നായും ശിശുപാലനായും ജനിച്ചു. രണ്ടാം ജന്മം  രാവണനായും, കുംഭകർണ്ണനായും.(തുടരും)